# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-ഇ കെ എം(പി3) 1936/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 16/06/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-ഇ കെ എം(പി3) 1936/2021 തീയ്യതി: 16/06/2022

# എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കെ എ ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 08-12-2021 | 21-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-12-2021 | 21-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ
റ്റി. ഒ. പോളി, ഓഡിറ്റ് ഓഫീസർ
ബബിത ബി കുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
കെ. പി. മേഴ്സി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ഹരീഷ് പി ആർ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷിൾഡ റേബേറോ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| റീന. സി.ജെ | സെക്രട്ടറി | 01-04-2019 | 11-07-2019 |
| റുബിന.കെ.എച്ച് | സെക്രട്ടറി | 12-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീലത.ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 08-08-2019 |
| ദിമിത്രോവ്.കെ.ജി | അസിസ്റ്റന്റ് സെക്രട്ടറി | 09-08-2019 | 31-03-2020 |
| ഡോ.പി.എ.സൈറ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| രമ്യ.കെ.ഡി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ഡോ.ശ്രീകുമാരി.ഡി | മെഡിക്കൽ ഓഫീസർ (CHC) | 01-04-2019 | 31-03-2020 |
| ഡോ.മെഴ്സി ഗോൺസാൽവസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.സ്മിത | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ആശാ ലത | ഹെഡ് മിസ്ട്രസ്, ഗവ. ഫിഷറീസ്,യു.പി.സ്കൂൾ | 01-04-2019 | 31-03-2020 |
| രഞ്ജു എസ് ഫ്രാൻസിസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 22-07-2019 |
| സ്മിത.കെ.റ്റി | അസിസ്റ്റന്റ് എഞ്ചിനീയർ | 23-07-2019 | 31-03-2020 |
| ജിജി ജോസഫ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| സീന ഉത്തമൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 12-12-2019 |
| മറിയാമ്മ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 13-12-2019 | 31-03-2020 |
| രതീഷ് ബാബു | ഡയറി ഡവലപ്മെന്റ് ഓഫീസർ | 01-04-2019 | 31-03-2020 |
| ഷിൻസി.എം.എസ് | വി.ഇ.ഒ,ഞാറയ്ക്കൽ ഈസ്റ്റ് | 01-04-2019 | 26-09-2019 |
| സുനന്ദ.എം.എസ് | വി.ഇ.ഒ,ഞാറയ്ക്കൽ ഈസ്റ്റ് | 27-09-2019 | 31-03-2020 |
| അമ്മിണിക്കുട്ടി | വി.ഇ.ഒ,ഞാറയ്ക്കൽ വെസ്റ്റ് | 01-04-2019 | 16-09-2019 |
| ഷിൻസി.എം.എസ് | വി.ഇ.ഒ,ഞാറയ്ക്കൽ വെസ്റ്റ് | 17-09-2019 | 26-09-2019 |
| സ്മിത.പി.ജി | വി.ഇ.ഒ,ഞാറയ്ക്കൽ വെസ്റ്റ് | 27-09-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Saly Joseph (Audit Officer (HG), On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 07-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Saly Joseph (Audit Officer (HG), On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 26-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Saly Joseph (Audit Officer (HG), On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 26-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: T.O.Polly (Audit Officer, On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 26-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Saly Joseph (Audit Officer (HG), On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 26-04-2022) | 1-5 |
| 6 | ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി<br>Written By: Mercy KP (Auditor, On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 26-04-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Saly Joseph (Audit Officer (HG), On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 26-04-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Saly Joseph (Audit Officer (HG), On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 26-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Saly Joseph (Audit Officer (HG), On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 1-10 |
| 11 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Hareesh P.R (Auditor, On 21-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 1-11 |
| 12 | ചില കെട്ടിടങ്ങളുടെ നികുതി 2011 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ പ്രകാരം പുനർനിർണ്ണയിക്കപ്പെട്ടിട്ടില്ല<br>Written By: Mercy KP (Auditor, On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 1-12 |
| 13 | ലൈസൻസ് ഫീസ് - അപാകതകൾ<br>Written By: Hareesh P.R (Auditor, On 21-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 1-13 |
| 14 | കോൺട്രാക്ടർമാരിൽനിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല<br>Written By: Mercy KP (Auditor, On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 1-14 |
| 15 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Hareesh P.R (Auditor, On 21-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 1-15 |
| 16 | മൊബൈൽ ടവറുകളുടെ വസ്തുനികുതി<br>Written By: Mercy KP (Auditor, On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 1-16 |

| | | |
|---|---|---|
| 17 | SSK വിഹിതം -വിനിയോഗപത്രിക ഹാജരാക്കിയിട്ടില്ല<br>Written By: Saly Joseph (Audit Officer (HG), On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 07-06-2022) | 1-17 |
| 18 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ : അപാകതകൾ<br>Written By: Saly Joseph (Audit Officer (HG), On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 1-18 |
| 19 | SC വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം<br>Written By: Saly Joseph (Audit Officer (HG), On 22-12-2021)<br>Last Updated By: Bindu L (Computer Assistant, On 07-06-2022) | 1-19 |
| 20 | സർക്കാരിന്റെ അംഗീകാരമില്ലാത്ത ഹാച്ചറിയിൽ നിന്ന് താറാവിൻകുഞ്ഞുങ്ങളെ വാങ്ങി<br>Written By: Babitha B Kumar (Senior Grade Auditor, On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 1-20 |
| 21 | സർക്കാരിന്റെ അംഗീകാരമില്ലാത്ത ഹാച്ചറിയിൽ നിന്നും താറാവിൻകുഞ്ഞുങ്ങളെ വാങ്ങി<br>Written By: Babitha B Kumar (Senior Grade Auditor, On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 1-20-1 |
| 22 | രേഖകൾ ഹാജരാക്കിയില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Babitha B Kumar (Senior Grade Auditor, On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 1-21 |
| 23 | എസ് സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും - അപാകതകൾ<br>Written By: Babitha B Kumar (Senior Grade Auditor, On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 1-22 |
| 24 | ഐ.സി. ഡി. എസ്. സൂപ്പർവൈസർക്ക് കമ്പ്യൂട്ടർ, പ്രിന്റർ -ഉപകരണം ലഭ്യമായില്ല<br>Written By: Mercy KP (Auditor, On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 1-23 |
| 25 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - അപാകതകൾ<br>Written By: Mercy KP (Auditor, On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 1-24 |
| 26 | IKM, വിഹിതം - വിനിയോഗ രേഖ ഹാജരാക്കണം<br>Written By: Saly Joseph (Audit Officer (HG), On 22-12-2021)<br>Last Updated By: Bindu L (Computer Assistant, On 07-06-2022) | 1-25 |
| 27 | ഗുണഭോക്തൃലിസ്റ്റും സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കിയില്ല<br>Written By: Saly Joseph (Audit Officer (HG), On 22-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 21-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം<br>Written By: Babitha B Kumar (Senior Grade Auditor, On 15-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 4-2 |
| 3 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Babitha B Kumar (Senior Grade Auditor, On 11-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Saly Joseph (Audit Officer (HG), On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Saly Joseph (Audit Officer (HG), On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Saly Joseph (Audit Officer (HG), On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Saly Joseph (Audit Officer (HG), On 21-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Saly Joseph (Audit Officer (HG), On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Saly Joseph (Audit Officer (HG), On 21-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Saly Joseph (Audit Officer (HG), On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 27-04-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

23/02/2019 തീയതിയിലെ 5ാം നമ്പർ തീരുമാനപ്രകാരം ആകെ വരവ് 8,09,69,101/-, ആകെ ചെലവ് 7,75,97,326/- യുമായി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവിലും യഥാർത്ഥ വരവ് ചെലവിലും കാര്യമായ അന്തരമുണ്ട്. ബജറ്റ് യാഥാർത്ഥ്യത്തോട് പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2019 | 19.05.2020 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28008501 |
| വരവ് | 53512622 |
| ആകെ | 81521123 |
| ചെലവ് | 55948012 |
| നീക്കിയിരിപ്പ് | 25573111.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (ACR പ്രകാരം) | ആകെ | ചെലവ് | നീക്കി യിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16543785 | 16543785 | 11745349 | | 4798436 |
| വികസന ഫണ്ട് (SCP) | 0 | 10734000 | 10734000 | 3672800 | | 7061200 |
| വികസനഫണ്ട് (TSP) | 0 | 125000 | 125000 | 35384 | | 89616 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5761000 | 5761000 | 1861626 | | 3899374 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3677000 | 3677000 | 1575177 | | 2101823 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 9593365 | 9593365 | 3534849 | | 6058516 |
| Other Trust Or Agency Funds (Amrutham First Meal) 311710199 | 80088 | 1130841 | 1210929 | 1203528 | 7401 | |
| Other Special Funds (For Use Of SC Community) 312100199 | 7500 | 7500 | 15000 | | 15000 | |
| BSUP 320100114 | 2355512 | 272132 | 2627644 | | 2627644 | |
| Total Sanitation Campaign 320100115 | 8987 | 195 | 9182 | | 9182 | |
| ICDS 320100121 | 1382264 | 694471 | 2076735 | 421494 | 1655241 | |
| Solid Waste 320100203 | 1000000 | | 1000000 | 756457 | 243543 | |
| HUDCO 320200301 | 120279 | 5126 | 125405 | 1053 | 124352 | |

| | | | | | | |
|---|---|---|---|---|---|---|
| ശുചിത്വമിഷൻ 320200322 | 1054784 | 160000 | 1214784 | 620000 | 594784 | |
| LIFE State Share 320200399 | | 2500000 | 2500000 | 880000 | 1620000 | |
| ജലനിധി 320300102 | 10000 | | 10000 | | 10000 | |
| Road Restoration, Vimukthi 320300199 | 1957756 | 3000 | 1960756 | 39304 | 1921452 | |
| CHIAK 320400199 | | 9776 | 9776 | | 9776 | |
| ASRAYA 320500101 | 246667 | 973876 | 1220543 | 973876 | 246667 | |

വികസനഫണ്ട് (ജനറൽ) – 441476 /- രൂപ G O പ്രൊജക്ട് ചെലവ് (LIFE -മുതൽ തിരിച്ചടവ് )

| ഫണ്ടിനം | അലോട്ട്മെന്റ്പ്രകാരം വരവ് | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | ചെലവഴിക്കാതെ ലാപ്സായ തുകയുടെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 16543785 | 11745349 | 4798436 | 29 % |
| വികസന ഫണ്ട് (SCP) | 10734000 | 3672800 | 7061200 | 65.78 % |
| വികസനഫണ്ട് (TSP) | 125000 | 35384 | 89616 | 71.69 % |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 5761000 | 1861626 | 3899374 | 67.69 % |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3677000 | 1575177 | 2101823 | 57.16 % |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 9593365 | 3534849 | 6058516 | 63.15 % |

2019-20 സാമ്പത്തിക വർഷം ബജറ്റ് പ്രകാരം പഞ്ചായത്തിന് അനുവദിച്ച ഗ്രാന്റുകളിൽ ഭൂരിഭാഗവും ചെലവഴിക്കാതെ ലാപ്സായി പോയതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഏറ്റവും കൂടുതൽ പ്രയോജനപ്പെടുത്തിയ ഫണ്ട് വികസന ഫണ്ട് സാധാരണ വിഹിതം ആണെങ്കിലും ഇത് തന്നെ 71 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട ഗ്രാന്റ് നഷ്ടപ്പെടുത്തുന്നത് ആശാസ്യമല്ല. ഓരോ വർഷവും ഗ്രാന്റായി ലഭിക്കുന്ന തുകയുപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ യഥാസമയം പ്രൊജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ഭരണ സമിതി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 190 | 46882000 | 87 | 22866677 | 52 | 63 | 48.77 |

## 1-6 ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 851 | 656980 | 657831 | 657831 | 0 |
| കൂലിചെലവ് | 0 | 12617151 | 12617151 | 12617151 | 0 |
| ആകെ | 851 | 13274131 | 13274982 | 13274982 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 57,960 | 28 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 8,40,000 | 129 |
| വിധവാപെൻഷൻ | 5520600 | 1009 |
| വാർദ്ധക്യകാലപെൻഷൻ | 11055900 | 2230 |
| വികലാംഗപെൻഷൻ | 1427700 | 257 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 552600 | 95 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 210000 | 6 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ...15.12.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 74,705/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമല്ല.

1. രജിസ്റ്ററുകളും ചെലവുരേഖകളും തൃപ്തികരമായ രീതിയിലല്ല സൂക്ഷിച്ചു പോരുന്നത്. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

2. ചരക്കുകളുടേയും സേവനങ്ങളുടേയും വാങ്ങലുകൾ വാർഷികാവശ്യം പരിഗണിച്ച് തിട്ടപ്പെടുത്തപ്പെടുന്നില്ല.

3. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

4. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

6. റദ്ദ് ചെയ്യുന്ന രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

7. രസീത് ബുക്കുകളിൽ എണ്ണൽ സാക്ഷ്യപത്രം രേഖപ്പെടുത്തുന്നില്ല.

8. ക്യാൻസൽ ചെയ്ത രസീതുകളിൽ ക്യാൻസൽ ചെയ്തതിന്റെ കാരണം രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05/11/2021 | 2020-21 To 2021-22 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1/02/2016 | 2010-11 To 2014-15 | 11/03/2016 |

## 1-11 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തിലെ മാന്വൽ, സാംഖ്യാ രസീതുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മാന്വൽ രസീത് ബുക്കുകളിലെ വളരെയധികം രസീതുകൾ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു. ടി രസീതുകൾ ഒന്നും തന്നെ ക്യാൻസൽ ചെയ്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) മാന്വൽ രസീത് ബുക്ക് ഉപയോഗിച്ച് തുകകൾ പിരിക്കുമ്പോൾ ചില രസീതുകളുടെ കൗണ്ടർ ഫോയിൽ പണമടയ്ക്കുന്ന

വ്യക്തികൾക്ക് നൽകുന്നില്ല.

3) ക്യാൻസൽ ചെയ്ത സാംഖ്യാ രസീതുകളുടെ രസീതും, കൗണ്ടർ ഫോയിലും ഫയലിൽ സൂക്ഷിക്കുന്നില്ല.

മാന്വൽ, സാംഖ്യാ രസീതുകൾ ക്യാൻസൽ ചെയ്യേണ്ട സാഹചര്യത്തിൽ രസീതും, കൗണ്ടർ ഫോയിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. രസീതുകൾ ഉപയോഗിച്ച് പിരിക്കുന്ന തുകകളുടെ കൗണ്ടർ ഫോയിൽ പണമടയ്ക്കുന്ന വ്യക്തികൾക്ക് നൽകേണ്ടതാണ്.

## 1-12 ചില കെട്ടിടങ്ങളുടെ നികുതി 2011 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ പ്രകാരം പുനർനിർണ്ണയിക്കപ്പെട്ടിട്ടില്ല

ഗ്രാമ പഞ്ചായത്തിൻറെ വസ്തുനികുതിപിരിവ് പരിശോധിച്ചതിൽ, താഴെ പറയുന്ന അപാകതകൾ കാണുന്നു. വാണിജ്യാവശ്യത്തിനുള്ള നിലവിലുള്ള ചില കെട്ടിടങ്ങളുടെ നികുതി 2011 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ പ്രകാരം പുനർനിർണ്ണയിക്കപ്പെടാത്തതായി കാണുന്നു. മാത്രമല്ല വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്ററിനു മുകളിലുള്ള ടി കെട്ടിടങ്ങൾ ( നിരക്ക് -50 /ച. മീ. ) , 100 ച. മീറ്റർ വരെ (നിരക്ക് - 30/ച. മീ.) എന്ന ഗണത്തിൽ പെടുത്തി അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതായും കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര്, വാർഡ് നം., കെട്ടിട നം. | വിസ്തീർണ്ണം/ ച . മീ. | നിലവിലെ വാർഷിക നികുതി | കാലപ്പഴക്കം |
|---|---|---|---|---|
| 1 | ജോൺസൺ എം. ജെ. 4/62 | 149.5 | 756 | 9 വർഷത്തിൽ താഴെ |
| 2 | എഡിസൺ, 4/565 | 220 | 454 | 41വർഷം |
| 3 | ജോയ്, 5/527 | 112 | 2268 | 12വർഷം |
| 4 | രാജു , 10/42 | 109.02 | 46 | 15വർഷം |
| 5 | ഡോ. കരുണാകരൻ, 11/306 | 109.4 | 756 | 50വർഷം |
| 6 | റോഷൻ, 12/309/B | 103.45 | 4647 | 0വർഷം |
| 7 | മെഴ്സി ജോർജ്ജ്, 14/367 | 102.15 | 756 | 18വർഷം |
| 8 | ജോസഫ്, 15/512 | 148.96 | 1260 | 12വർഷം |

ഇതു സംബന്ധിച്ച് വിശദീകരണവും , താഴെപറയുന്ന വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. 1 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1. ടി കെട്ടിടങ്ങൾ, ഒടുവിൽ നികുതി നിർണ്ണയം നടത്തിയ തീയതി.

2. ടി കെട്ടിടങ്ങൾ, ഒടുവിൽ നികുതി നിർണ്ണയം നടത്തിയതിനു ശേഷം കൂട്ടിച്ചേർക്കലോ ഘടനാപരമായ മെച്ചപ്പെടുത്തലോ വരുത്തിയിട്ടുണ്ടോ എന്ന വിവരം.

മേൽ കെട്ടിടങ്ങളുടെ നികുതി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം പുനർനിർണ്ണയിച്ച് അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-13 ലൈസൻസ് ഫീസ് - അപാകതകൾ

ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 31-10-2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് വിഭാഗങ്ങളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ പരമാവധി ലൈസൻസ് ഫീസ് (പട്ടിക II ലെ ചട്ടം 10) പുതുക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലല്ല ഫീസ് ഈടാക്കിയിട്ടുള്ളത് എന്ന് കാണുന്നു. സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാവുന്ന പരമാവധി ഫീസ് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറി തീരുമാനം എടുത്തിട്ടില്ല. ആയതിനാൽ മുൻ വർഷത്തെ ഫീസ് തന്നെയാണ്

പല സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി വരുന്നത്.

2) ലൈസൻസ് അപേക്ഷകളും, തൊഴിൽ നികുതി രജിസ്റ്ററും പരിശോധിച്ചതിൽ ലൈസൻസ് എടുത്ത ചില സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് രജിസ്റ്ററിലെ നം | സ്ഥാപനം/ ഉടമയുടെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 120 | പീലിംഗ് ഷെഡ് /ജോസഫ്. ജെ. വയലാറ്റ് | 9 |
| 2 | 134 | മെന്റ്സ് വുഡ് ക്രാഫ്റ്റ്/ റെയ് നോൾഡ് മെന്റ്സ് | 5 |
| 3 | 147 | തളിയത്ത് കാർട്ടൻസ്/ തളിയത്ത് വർക്കി തോമസ് | 4 |
| 4 | 148 | ക്ലാസിക്ക് കാർട്ടൻസ്/ തളിയത്ത് വർക്കി സേവ്യർ | 6 |
| 5 | 211 | ഷാഫി.കെ.കെ | 6 |
| 6 | 220 | വിവിഡ് ലൈഫ് ലൈൻ ലാബ്/ ഡോ.വി.എം.അബ്ദുള്ള | 5 |
| 7 | 231 | അമൃത കമ്മ്യൂണിറ്റി ഹെൽത്ത് ട്രെയിനിംഗ് സെന്റർ | 11 |
| 8 | 252 | സൗന്ദര്യ ശാസ്ത്ര ക്രീം ക്ലിനിക്ക്/ ഡോ.രാഹുൽ ലക്ഷ്മൺ | 4 |
| 9 | 253 | നമോ ക്ലിനിക്ക്/ ഡോ.ലക്ഷ്മി ആർ ലക്ഷമൺ | 4 |
| 10 | 331 | വീപീസ് ഞാറയ്ക്കൽ/ ഷീല കുര്യൻ | 4 |

3) പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന റേഷൻ കടകൾ, ക്ഷീര സംഘങ്ങൾ എന്നിവ നിലവിൽ ലൈസൻസ് എടുത്തിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് 14.12.2021 ൽ നൽകിയ എൻക്വയറി നം.6 ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമൊന്നും എടുത്തിട്ടില്ലാത്തതാണ്. ടി അപാകത പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതും തുടർന്ന് പഞ്ചായത്ത് കമ്മിറ്റിക്ക് ശുപാർശ ചെയ്യുന്നതും വരുംവർഷം മുതൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതാണെന്ന് അറിയിച്ചു. പരാമർശം 3 ന് നൽകിയ മറുപടിയിൽ മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നും തൊഴിൽ നികുതി ഈടാക്കുന്നതിലേക്കായി സ്ഥാപന ഉടമയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന റേഷൻ കട ഉടമകൾക്ക് ലൈസൻസ് എടുക്കുന്നതുമായി ബന്ധപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്നും, ക്ഷീരസംഘങ്ങൾക്ക് നിലവിൽ ലൈസൻസ് അനുവദിച്ചിട്ടില്ല എന്നും ലൈസൻസ് എടുക്കുന്നതിലേക്കായി കത്ത് നൽകുന്നതാണ് എന്നുമാണ് മറുപടിയിൽ വ്യക്തമാക്കുന്നത്.

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 1355 വാണിജ്യ/വ്യവസായ കെട്ടിടങ്ങൾ പഞ്ചായത്തിൽ നിലനിൽക്കുന്നു. എന്നാൽ 500 താഴെ സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് പഞ്ചായത്ത് അധികൃതർ ഉറപ്പ് വരുത്തേണ്ടതാണ്. ഇതിനായി ട്രേയ്ഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

31-10-2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസ് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറി തീരുമാനം എടുക്കേണ്ടതും നിലവിലുള്ള ഫീസ് പുതുക്കി നിശ്ചയിക്കേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കാത്ത മേൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതും, റേഷൻ കടകൾ, ക്ഷീരസംഘങ്ങൾ എന്നീ സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കാൻ വേണ്ട നടപടികൾ കൈക്കോള്ളേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 കോൺട്രാക്ടർമാരിൽനിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ 2019-20 ലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന കോൺട്രാക്ടർമാർ കരാർ പ്രകാരം ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയിരുന്നതായി കാണുന്നു. കൂടാതെ ഒന്നിലധികം ജോലികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളവരും ഉണ്ട്.

| ക്രമ നം. | കോൺട്രാക്ടറുടെ പേര് |
|---|---|
| 1 | ജീസ് മോൻ |

| | |
|---|---|
| 2 | സജിത്കുമാർ കെ. എസ്. |
| 3 | തോമസ് പി.കെ. |
| 4 | ജോർജ്ജ് എ.എ. |
| 5 | ജോബി.കെ.എസ്. |
| 6 | സാബു. എം ഡി. |
| 7 | എ.ടി. സന്തോഷ് |
| 8 | ജോളി കെ.എസ്. |
| 9 | ടി.എൻ. ബിനിൽകുമാർ |
| 10 | വിനുകുമാർ |
| 11 | ഷാജി വി.പി. |
| 12 | ബാബു കെ.കെ |
| 13 | ശശി ഇ.സി. |
| 14 | കമറുദ്ദീൻ |
| 15 | രാജു ജോർജ്ജ് |
| 16 | ജോണി കെ.ജെ |
| 17 | സിൻസൺ ജോസഫ് |

എഗ്രിമെന്റ് രജിസ്റ്ററിൽ പണി പൂർത്തീകരിക്കുന്ന തീയതി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ എത്ര ദിവസം ജോലി ചെയ്തു എന്ന വിവരം കണക്കാക്കാനാവുന്നില്ല.

ഇതു സംബന്ധിച്ച് വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. 4 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല

1. എഗ്രിമെന്റ് രജിസ്റ്ററിൽ, പൂർത്തീകരണ തീയതി രേഖപ്പെടുത്തി ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

2. കോൺട്രാക്ട് ഒപ്പിട്ട തീയതി മുതൽ ജോലി പൂർത്തീകരിച്ച തീയതിവരെ കണക്കാക്കുമ്പോൾ 60 ദിവസത്തിലധികം ജോലി ചെയ്തിരുന്ന കരാറുകാരിൽ നിന്ന് ചട്ടപ്രകാരം നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

## 1-15 പാരാമെഡിക്കൽ സ്ഥാപനങ്ങൾ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

പാരാമെഡിക്കൽ ലൈസൻസിന്റെ രജിസ്റ്ററുകൾ, തൊഴിൽ നികുതി രജിസ്റ്റർ മറ്റ് അനുബന്ധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ചില പാരാമെഡിക്കൽ സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | മരിയ ദന്താശുപത്രി | 3 |
| 2 | ശക്തി ക്ലിനിക്ക് | 3 |
| 3 | പനയ്ക്കൽ ക്ലിനിക്കൽ ലാബോറട്ടറി | 2 |
| 4 | ഏലോയ് ഡയഗണോസ്റ്റിക്ക് | 2 |

മേൽ അപാകതക സംബന്ധിച്ച് 14.12.2021 തീയതിയിൽ നൽകിയ എൻക്വയറി നം.7 ന് ലഭ്യമാക്കിയ മറുപടിയിൽ മുകളിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിലേക്കായി കത്ത് നൽകിയിട്ടുണ്ടെന്നും, ഈ സാമ്പത്തിക വർഷം തന്നെ കൃത്യമായി ഈടാക്കുന്നതാണെന്നും അറിയിച്ചു. മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 മൊബൈൽ ടവറുകളുടെ വസ്തുനികുതി

താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി 2019-20 രണ്ടാം അർദ്ധവർഷം ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | കെട്ടിട നം. | ഉടമയുടെ പേര് | തുക |
|---|---|---|---|
| 1 | 4/458 | എ.റ്റി.സി. ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈ. ലി. | 2381 |
| 2 | 15/446 | റിലയൻസ് ഇൻഫോകോം ലി. | 2835 |

ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം 16 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-17 SSK വിഹിതം -വിനിയോഗപത്രിക ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | SSK വിഹിതം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം/ വർഷം | 2/2019-20 |
| അടങ്കൽ തുക / ഫണ്ട് | 8,29,600/- വികസന ഫണ്ട് |
| ചെലവ് തുക/ ബിൽ നം. തീയതി | 8,29,600/- ബിൽ നം 58/ തീയതി 5.4.2019 |

SSK പ്രോജക്റ്റ് ഓഫീസിൽ നിന്നും SSK വിഹിതം തുകയുടെ വിനിയോഗവിവരം ഹാജരാക്കിയില്ല. വിനിയോഗ പത്രിക ഹാജരാക്കേണ്ടതാണ്. ചെലവ് തുക 8,29,600/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ : അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈറ്റ് സ്ഥാപനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം/ വർഷം | 1)7/2019-20<br>2)133/2019-20 (Spill Over)<br>3)133/2020-21(Q Bill) |
| അടങ്കൽ തുക / ഫണ്ട് | 1) 11ലക്ഷം രൂപ. ധനകാര്യ കമ്മീഷൻ ഗ്രാന്റ്,<br>2) 340088/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്,<br>3) 291844/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്, |
| ചെലവ് തുക/ ബിൽ നം തിയതി | 1) 2,69,408/- ബിൽ നം 42/തിയതി 8.7.2019<br>2) 2,68,385/- ബിൽ നം 76/തിയതി 31.8.2019<br>3) 2,69,363/- ബിൽ നം 246/തിയതി 29.1.2020<br>4) 2,69,408/- ബിൽ നം 2/തിയതി 11.4.2020(Q Bill)<br>ആകെ 10,77,567/- രൂപ. (പ്രോജക്ട് നം.7)<br>5)3,38000/- ബിൽ നം 4/തിയതി 5.4.2019 (Spill Over)<br>(പ്രോജ.നം.133/20-21) |

ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്ക് പരിപാലനത്തിനായി 2019-20 വർഷം 11 ലക്ഷം രൂപയ്ക്ക് AMC കരാർ (കരാർ തീയതി. 26.02.2019) നൽകിയിരുന്നു. ഇതിനായി വിവിധ ബില്ലുകളിലായി 10,77,567/- രൂപ ചെലവഴിച്ചിട്ടുണ്ട്. തയ്യാറാക്കിയ കരാറിൽ, KSEB നിരക്കിൻ പ്രകാരമല്ല തുക ക്വാട്ട് ചെയ്തിരിക്കുന്നത്. കൂടാതെ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള തെരുവുവിളക്കുകളുടെ എണ്ണം, ഇനം തിരിച്ച് അതായത് LED ലൈറ്റുകൾ, സോഡിയം വേപ്പർ ലാമ്പ്, ഡബിൾ ട്യൂബുകൾ തുടങ്ങിയവയുടെ വിശദാംശത്തിനായി KSEB യുമായി സംയുക്ത പരിശോധന നടത്തിയ രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ആയതിനാൽ 2019-20 വരെ തെരുവുവിളക്ക് പരിപാലനത്തിനായി AMC ഇനത്തിൽ നൽകിയ തുകയുടെ ആധികാരികത വ്യക്തമല്ല.

എന്നാൽ LED ലൈറ്റുകൾ വാങ്ങുന്നതിനായി 16.03.2019 ൽ (ബിൽ നം. (ഇൻലോയ്ഡ്) SLL/185/18-19 തീ.16.03.19) യുണൈറ്റഡ് ഇലടിക്കൽ ഇൻഡസ്ട്രീസ് ന് 3,38,000/- രൂപ അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള തെരുവുവിളക്കുകളുടെ അറ്റകുറ്റപണികൾക്കായി കരാർ നല്കിയതിനുശേഷമാണ് ഈ തുക ചെലവ് ചെയ്തിരിക്കുന്നത്. ആയതിനാൽ 05.04.2019 ൽ ബിൽ നം.4 മുഖേന അനുവദിച്ച തുക 3,38,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

കൃത്യമായ സ്റ്റോക്ക് പരിപാലനം ഇല്ലാതെ, KSEB നിരക്കിൻ പ്രകാരമുള്ള തുക പരിഗണിക്കാതെ ഗ്രാമപഞ്ചായത്ത് തെരുവുവിളക്കുകളുടെ പരിപാലനത്തിനായി AMC പ്രകാരം ചെലവഴിച്ച തുക 10,77,567/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 SC വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ പേര് : SC വിദ്ധ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം

1) പ്രോജക്ട് നം., വർഷം : SO148/2019-2020

അടങ്കൽ തുക : 4,50,000/- വി .ഫ.(SCP)

ചെലവ് തുക : 161400/- വി .ഫ.(SCP)

ബിൽ നം തുക : (1) 24/5.4.2019, തുക 77,472-/- വി .ഫ.(SCP)

: (2) 25/5.4.2019, തുക 83928-/- വി .ഫ.(SCP)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ SC വിദ്ധ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം എന്ന പ്രോജക്റ്റിൽ രാജധാനി ഏജൻസീസ് ക്വാട്ട് ചെയ്ത 2249/- രൂപയുടെ മേശയും 979/- രൂപയുടെ കസേരയും വാങ്ങുന്നതിന് തീരുമാനിച്ചു. അതിൻ പ്രകാരം 52 മേശയും കസേരയും കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ എത്ര ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു എന്നതിന് കൃത്യമായ രേഖകളില്ല. കമ്മറ്റി അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റം, മുൻ വർഷങ്ങളിൽ ഈ ഗുണഭോക്താക്കൾ ഈ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന ഹെഡ്മാസ്റ്റർ / ഹെഡ്മിസ്ട്രസ് സാക്ഷ്യപ്പെടുത്തിയ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ലാത്തതിനാൽ 1,61,400/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 സർക്കാരിന്റെ അംഗീകാരമില്ലാത്ത ഹാച്ചറിയിൽ നിന്ന് താറാവിൻകുഞ്ഞുങ്ങളെ വാങ്ങി

| | | |
|---|---|---|
| പ്രൊജക്റ്റ് നം., പേര് | എസ് 0017/20, താറാവ് വളർത്തൽ | |
| അടങ്കൽ | 78000 /- (വികസന ഫണ്ട് ) , 78000 /- (മറ്റുള്ളവ), ആകെ അടങ്കൽ 1,56,000 /- | |
| ചെലവ് (1,05,600 /-) | 52800 /- (വികസന ഫണ്ട്) | ബിൽ നം. 04 / 19-20 ; 25.09.19 ; 25800 /- |
| | | ബിൽ നം. 19 / 19-20 ; 16.12.19 ; 23000 /- |
| | | ബിൽ നം.30 / 19-20 ; 11.03.20 ; 4000 /- |
| | 52800 /-(മറ്റുള്ളവ ) | ഗുണഭോക്തൃവിഹിതം |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്റനറി സർജൻ | |

51-60 ദിവസം പ്രായമുള്ള 10 താറാവുകളടങ്ങുന്ന ഒരു യൂണിറ്റ് വീതം അംഗീകൃത എഗ്ഗർ നഴ്സറിയിൽ നിന്നും വാങ്ങി 50 % സബ്സിഡിയോടെ വിതരണം ചെയ്യുന്നതിന് വെറ്റനറി സർജൻ നടപ്പിലാക്കിയ ഈ പ്രൊജക്റ്റ് പ്രകാരം 880 താറാവുകളെ (88 യൂണിറ്റ്) വാങ്ങി വിതരണം ചെയ്തിട്ടുണ്ട് .താറാവുകളെ വാങ്ങിയിട്ടുള്ളത് ചെന്നിത്തലയിലെ ഗീവർഗീസ് കുഞ്ഞുകുട്ടിയുടെ ഉടമസ്ഥതയിലുള്ള കിഴക്കിട ഹാച്ചറിയിൽ നിന്നുമാണ് . ഈ സ്ഥാപനത്തിന് 2019-20 വർഷം സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. അംഗീകാരമില്ലാത്ത സ്ഥാപനത്തിൽ നിന്നും താറാവിൻകുഞ്ഞുങ്ങളെ വാങ്ങി വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.9 14.12.21) മറുപടി ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,05,600 /- രൂപ തടസ്സപ്പെടുത്തുന്നു.

## 1-20-1 സർക്കാരിന്റെ അംഗീകാരമില്ലാത്ത ഹാച്ചറിയിൽ നിന്നും താറാവിൻകുഞ്ഞുങ്ങളെ വാങ്ങി

| | | |
|---|---|---|
| പ്രൊജക്റ്റ് നം. , പേര് | എസ് 0081/ 20, വനികതൾക്ക് താറാവ് വളർത്തൽ | |
| അടങ്കൽ | 90,000 /- (വികസന ഫണ്ട് -SCP), 30,000 /- ( മറ്റുള്ളവ ), ആകെ അടങ്കൽ 1,20,000 /- | |
| ചെലവ് (62400 /-) | 46800 /- (വികസന ഫണ്ട് -SCP) | ബിൽ നം. 03 / 19-20; 25.09.19; 13500 /- |
| | | ബിൽ നം. 16 / 19-20 ; 6.12.19 ; 29700 /- |
| | | ബിൽ നം. 29 / 19-20 ; 11.03.20 ; 3600 /- |
| | 15600 /-(മറ്റുള്ളവ ) | ഗുണഭോക്തൃവിഹിതം |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്റനറി സർജൻ | |

51-60 ദിവസം പ്രായമുള്ള 10 താറാവുകളടങ്ങുന്ന ഒരു യൂണിറ്റ് വീതം അംഗീകൃത എഗ്ഗർ നഴ്സറിയിൽ നിന്നും വാങ്ങി 75 % സബ്സിഡിയോടെ വിതരണം ചെയ്യുന്നതിന് വെറ്റനറി സർജൻ നടപ്പിലാക്കിയ ഈ പ്രൊജക്റ്റ് പ്രകാരം 520 താറാവുകളെ (52 യൂണിറ്റ്) വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. താറാവുകളെ വാങ്ങിയിട്ടുള്ളത് ചെന്നിത്തലയിലെ ഗീവർഗീസ് കുഞ്ഞുകുട്ടിയുടെ ഉടമസ്ഥതയിലുള്ള കിഴക്കിട ഹാച്ചറിയിൽ നിന്നുമാണ്. ഈ സ്ഥാപനത്തിന് 2019-20 വർഷം സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. അംഗീകാരമില്ലാത്ത സ്ഥാപനത്തിൽ നിന്നും താറാവിൻകുഞ്ഞുങ്ങളെ വാങ്ങി വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.9 14.12.21) മറുപടി ഹാജരാക്കിയില്ല. ആയതിനാൽ താറാവിൻകുഞ്ഞുങ്ങളെ വാങ്ങുന്നതിനു ചെലവഴിച്ച 62,400 /- രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 രേഖകൾ ഹാജരാക്കിയില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്ട് നം., പേര് | എസ് 0064 / 20, പട്ടികവർഗവിദ്യാർത്ഥികൾക്ക് പഠനോപകരണം |
| അടങ്കൽ | 22600 /- (വികസനഫണ്ട് - TSP) |
| ചെലവ് | 22500 /- ബിൽ നം. 3 / 19-20 , 22.01.20 |
| നിർവഹണഉദ്യോഗസ്ഥൻ | ഹെഡ് മിസ്ട്രസ്സ്, ഗവ.ഫിഷറീസ് യു. പി. സ്കൂൾ |

പട്ടികവർഗവിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങിനല്കുന്നതിന് നടപ്പിലാക്കിയ ഈ പ്രൊജക്ടിനു വേണ്ടി 22,500 /-രൂപ പിൻവലിച്ചിട്ടുണ്ട്. ഹാജരാക്കിയ വിതരണരജിസ്റ്ററിൽ പഠനോപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തിട്ടുണ്ട് എന്ന് നിർവഹണ ഉദ്യോഗസ്ഥ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രൊജക്ടിന്റെ ഫയൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയെത്തുടർന്ന് (നം.10, 14.12.21) പ്രൊജക്ട് മാത്രമാണ് ഹാജരാക്കിയത്. സ്കൂൾ ഓഫീസിൽ വെള്ളം കയറി ഫയലുകൾ മാറ്റിവെച്ചപ്പോൾ ഫയൽ കാണാതായി എന്നാണ് അറിയിച്ചത്. ഫയൽ ഹാജരാക്കാത്തതിനാൽ എത്ര രൂപയ്ക്ക് ഉപകരണങ്ങൾ വാങ്ങിയെന്നും വിതരണം ചെയ്ത ഉപകരണങ്ങൾ ഏതൊക്കെയെന്നും വ്യക്തമല്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 22,500 /-രൂപ തടസ്സപ്പെടുത്തുന്നു.

## 1-22 എസ് സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും - അപാകതകൾ

| | | |
|---|---|---|
| പ്രൊജക്ടിന്റെ നം., പേര് | എസ് 0062/20, എസ് സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും | |
| അടങ്കൽ | 145000 /-(വികസനഫണ്ട് -SCP) | |
| ചെലവ് | 145000 /- | 2 / 19-20 ; 100008 /- ; 22.01.20 |
| | | 4 / 19-20 ; 44992 /- ; 19.03.20 |
| നിർവഹണഉദ്യോഗസ്ഥൻ | ഹെഡ് മിസ്ട്രസ്സ് | |

1 മുതൽ 10 വരെ ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കൂൾ അധികൃതരിൽ നിന്നും ലഭിക്കുന്ന ലിസ്റ്റ് പ്രകാരം ഒരു വിദ്യാർത്ഥിക്ക് 5000 /- രൂപ വരെ ചെലവഴിക്കാമെന്ന സർക്കാർ ഉത്തരവിനു വിധേയമായി 29 വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങിനല്കുന്നതിന് നടപ്പിലാക്കിയതാണ് ഈ പ്രൊജക്ട്. SIDCO യിൽ നിന്നുമാണ് 29പേർക്ക് മേശയും കസേരയും വാങ്ങയിട്ടുള്ളത് (ഇൻവോയ്സ് നം. EKM/19-20 / 207, 19.12.19 – 100008 /- & ഇൻവോയ്സ് നം. EKM/19-20/328, 10.03.20 – 45003 /-) . പദ്ധതി നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകളുണ്ട് .

1) ആനുകൂല്യം ലഭിക്കേണ്ട വിദ്യാർത്ഥികളുടെ ലിസ്റ്റ് സ്കൂൾ അധികൃതരാണ് നല്കേണ്ടത് എന്ന സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പല വിദ്യാർത്ഥികൾക്കും അതത് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം പ്രകാരമാണ് ആനുകൂല്യം നല്കിയിട്ടുള്ളത്.

2) 1 മുതൽ 10 വരെ ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ഗുണഭോക്താക്കളാകേണ്ട പ്രൊജക്ടിൽ പ്ലസ് 1, പ്ലസ് 2, VHSS വിദ്യാർത്ഥികൾക്കും ആനുകൂല്യം അനുവദിച്ചു.

3) 14.02.18 ലെ സർക്കാർ ഉത്തരവ് (കൈ)നം.22/2018/തസ്വഭവ യിലെ ഖ. 7.2.7 പ്രകാരം ഒരു വിദ്യാർത്ഥിക്ക് പഠനകാലയളവിൽ ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നല്കാവൂ. 2019-20 ൽ ആനുകൂല്യം കൈപ്പറ്റിയ വിദ്യാർത്ഥികൾക്ക് ഇതിനു മുമ്പ് ഇവ നല്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം. 11, 14.12.21) മറുപടി ഹാജരാക്കിയില്ല. സ്കൂൾ വിദ്യാർത്ഥികൾക്ക് മേശ, കസേര തുടങ്ങിയവ നല്കുന്ന പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കളുടെ ലിസ്റ്റ് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന സ്കൂളുകളുടെ അധികൃതരിൽ നിന്നും വാങ്ങി ഗ്രാമസഭയിൽ അംഗീകാരം നേടിയിരിക്കണം. മുൻവർഷങ്ങളിൽ ഈ ആനുകൂല്യം നല്കിയിട്ടുള്ളവരെ ഒഴിവാക്കി അർഹരായവർക്ക് തന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.

## 1-23 ഐ.സി. ഡി. എസ്. സൂപ്പർവൈസർക്ക് കമ്പ്യൂട്ടർ, പ്രിന്റർ -ഉപകരണം ലഭ്യമായില്ല

താഴെ പറയുന്ന പ്രോജക്ടിനായി 43,561/- രൂപ പ്രൊഫോമ ഇൻവോയ്സ് നം. 13852 പ്രകാരം കെൽട്രോണിന് 7990114003959 എന്ന അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഐ.സി. ഡി. എസ്. സൂപ്പർവൈസർക്ക് കമ്പ്യൂട്ടർ, പ്രിന്റർ |
| പ്രോജക്ട് നമ്പർ | 36/19-20 |
| അടങ്കൽ | 45,000/- |

| | |
|---|---|
| ചെലവ് | 43,561/- |
| ബിൽ നം./തീയതി, തുക | 14/25.02.20 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി. ഡി. എസ്. സൂപ്പർവൈസർ |

ഇതു പ്രകാരം ഓർഡർ ചെയ്ത ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിൻറെ ടാക്സ് ഇൻവോയ്സ്, സ്റ്റോക്ക് രേഖപ്പെടുത്തലുകൾ എന്നിവ പരിശോധയ്ക്കായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14 ന് ലഭ്യമാക്കിയ മറുപടിയിൽ വർക്ക് ഓർഡർ ജനറേറ്റ് ചെയ്യാൻ ബുദ്ധിമുട്ട് നേരിട്ടതുമൂലമുള്ള കാലതാമസം കൊണ്ടാണ് ഉപകരണങ്ങൾ ലഭ്യമാകാതിരുന്നതെന്നും കമ്പ്യൂട്ടർ എത്രയും വേഗം ലഭ്യമാകുമെന്നും അറിയിച്ചിട്ടുണ്ട്. ഉപകരണങ്ങൾ ലഭ്യമാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതുവരെ 43,561/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - അപാകതകൾ

മരണ റിപ്പോർട്ടുകൾ (2019-20) ആസ്പദമാക്കി സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം പരിശോധിച്ചതിൽ ഗുണഭോക്താക്കൾ മരണപ്പെട്ട പെൻഷൻ അക്കൗണ്ടുകളിലേക്ക് വിതരണം ചെയ്യപ്പെട്ട തുകകൾ പലതും (ഡയറക്ട് ടു ഹോം) കൈമാറാൻ സാധിക്കാത്തതായി സ്റ്റാറ്റസ് കാണിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു. ടി തുകകൾ നിലവിൽ ആരുടെ കൈവശമാണെന്നതു സംബന്ധിച്ച് വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. 3 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല

A. വാർദ്ധക്യകാല പെൻഷൻ

| ക്രമ നം. | ആധാർ നം. | പേര് | മരണപ്പെട്ട തീയതി | തുക | കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | 747660212285 | മറിയാമ്മ | 12.04.19 | 3600 | മെയ്, ജൂൺ , ജൂലൈ/2019 | കൈമാറാൻ സാധിച്ചില്ല. |
| 2 | 781288815689 | വാസു പി.കെ. | 09.07.19 | 4500 | മെയ്, ജൂൺ , ജൂലൈ/2019 | കൈമാറാൻ സാധിച്ചില്ല. |
| 3 | 528253612090 | രവീന്ദ്രൻ | 05.04.19 | 3000 | ഓഗസ്റ്റ്, സെപറ്റം/2019 | തടഞ്ഞുവച്ചിരിക്കുന്നു. |
| 4 | 545188721548 | പി.എം. പീയൂസ് | 18.07.19 | 4500 | മെയ്, ജൂൺ , ജൂലൈ/2019 | കൈമാറാൻ സാധിച്ചില്ല. |
| 5 | 654824420547 | ത്രേസ്യാമ്മ | 10.08.19 | 4500 | മെയ്, ജൂൺ , ജൂലൈ/2019 | കൈമാറാൻ സാധിച്ചില്ല. |

B വിധവപെൻഷൻ ആക്ടീവ് ആയി തുടരുന്നു.

| ക്രമ നം. | ആധാർ നം. | പേര് | മരണപ്പെട്ട തീയതി | തുക | കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | 423918253477 / SBI 67349188874 | അല്ലി | 30.06.19 | 37500 | ഓഗസ്റ്റ്/2019 മുതൽ | ആക്ടീവ് |
| 2 | 586413466153 | ശാന്ത | 10.07.19 | 35000 | ഓഗസ്റ്റ്/2019 മുതൽ | മസ്റ്ററിംഗ് പൂർത്തിയാകാത്തതിനാൽ തടഞ്ഞുവച്ചിരിക്കുന്നു |

C. മരണം റിപ്പോർട്ട് ചെയ്യപ്പെട്ട തദ്ദേശസ്ഥാപനം എന്ന നിലയിൽ ബന്ധപ്പെട്ട ക്ഷേമനിധി ബോർഡിൽ വിവരം അറിയിക്കാതിരുന്നതിനാൽ ബോർഡ് പെൻഷനുകൾ ആക്ടീവ് ആയി തുടരുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ആധാർ നം. | പേര് | മരണപ്പെട്ട തീയതി | സ്റ്റാറ്റസ് | ആക്ടീവ് ആയി തുടരുന്ന ബോർഡ് പെൻഷൻ |
|---|---|---|---|---|---|
| 1 | 684823425814 | ജോസഫ് വി. ആർ. | 08.07.19 | - | കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് |
| 2 | 822680465852 | ശശി ടി. എസ്. | 0208.19 | വാർദ്ധക്യ പെൻഷൻ സസ്പെൻഡ് ചെയ്തു | " |
| 3 | 227803623239 | കുഞ്ഞുവറീത് | 14.08.19 | " | " |
| 4 | 924086190719 | ബാലകൃഷ്ണൻ കെ.ജി. | 03.08.19 | - | " |

| | | | | | |
|---|---|---|---|---|---|
| 5 | 549571515737 | അൽഫോൻസ | 22.07.19 | വിധവ പെൻഷൻ സസ്പെൻഡ് ചെയ്തു | “ |
| 6 | 312607987710 | അമ്മു കൊച്ചാപ്പു | 31.07.19 | “ | ടോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് പെൻഷൻ |

D. മരണം റിപ്പോർട്ടു ചെയ്യപ്പെട്ട തദ്ദേശസ്ഥാപനം എന്ന നിലയിൽ ബന്ധപ്പെട്ട മറ്റ് തദ്ദേശസ്ഥാപനത്തിന് വിവരം കൈമാറാത്തതുമൂലം പെൻഷൻ നിലവിലും ആക്ടീവ് ആയി തുടരുന്നു. കൊച്ചിൻ കോർപറേഷനിലെ പെൻഷൻ ഗുണഭോക്താവായ ശ്രീമതി മീനാക്ഷി ടി.കെ എന്നയാൾ 23.12.2018ൽ മരണപ്പെട്ടതായി ഞാറക്കൽ ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവരുടെ കൊച്ചിൻ കോർപറേഷനിൽ നിന്നുള്ള വാർദ്ധക്യകാല പെൻഷൻ നിലവിലും സസ്പെൻഡ് ചെയ്യപ്പെട്ടിട്ടില്ല. മരണവിവരം കൊച്ചിൻ കോർപറേഷനിലെ ബന്ധപ്പെട്ടവരെ അറിയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

മേൽ അപാകതകൾ പരിഹരിച്ച് വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

DBT Cell Messageപ്രകാരം, മരണപ്പെട്ട ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുകകൾ എല്ലാം തന്നെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിൻെറ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് H.O Branch Account ലേക്ക് തിരികെ അടവാക്കേണ്ടതാണ്. A/c No.001101023000269, IFS Code KSBK 0000101. മേൽ സന്ദേശത്തെ തുടർന്ന് ഗ്രാമ പഞ്ചായത്ത് ഈ ഇനത്തിൽ തിരികെ അടവാക്കിയ തുകകൾ തിരിച്ചടവാക്കിയ തുക, തീയതി, അക്കൗണ്ട് നമ്പർ, UTR നമ്പർ എന്നിവയുൾപ്പെടുന്ന സ്റ്റേറ്റ്മെൻറ് ലഭ്യമാക്കേണ്ടതാണ്.

പെൻഷൻ വിതരണം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് എൻക്വയറിയിലൂടെ ലഭ്യമാക്കിയത്. ഗ്രാമപഞ്ചായത്തിൽ പെൻഷൻ വിതരണം നടത്തുന്ന എല്ലാ അക്കൗണ്ടുകളും ഓഡിറ്റിൽ പരിശോധിക്കുക എന്നത് പ്രായോഗികമല്ലാത്തതിനാൽ മേൽ ഉദാഹരണങ്ങളിൽ സംഭവിച്ചിരിക്കുന്ന അപാകതകൾ മറ്റ് അക്കൗണ്ടുകളിലും സംഭവിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനായി ഗ്രാമ പഞ്ചായത്തിലെ മുഴുവൻ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും അക്കൗണ്ടുകൾ പരിശോധിച്ച് അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നുണ്ടോ എന്നതും ഉറപ്പാക്കുന്ന വിധത്തിൽ കൂടുതൽ കാര്യക്ഷമതയോടെ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടേണ്ടതുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ ധനകാര്യ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെയും അടിയന്തിരമായ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്. ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ സംബന്ധിച്ച് ബാങ്ക് സ്റ്റേറ്റ്മെന്റ് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-25 IKM, വിഹിതം - വിനിയോഗ രേഖ ഹാജരാക്കണം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | IKM, വിഹിതം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം/ വർഷം | 3/2019-20 |
| അടങ്കൽ തുക / ഫണ്ട് | 78335/- വികസന ഫണ്ട് , |
| ചെലവ് തുക/ ബിൽ നം തിയതി | 1) 31368/- ബിൽ നം 93/തിയതി 4.10.2019<br>2) 46967/- ബിൽ നം 122/തിയതി 30.10.2019.<br>ആകെ /- 78335രൂപ. |

വിനിയോഗവിവരം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആയത് ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-26 ഗുണഭോക്തൃലിസ്റ്റും സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കിയില്ല

ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി തെരെഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ്, വാങ്ങിയ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. കൂടാതെ വിദ്യാർത്ഥികൾക്കുള്ള പ്രോജക്ടുകൾക്ക് അവരുടെ സ്ഥാപന മേധാവിയിൽ നിന്നുള്ള പഠന സാക്ഷ്യപത്രവും ഹാജരാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1) നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

I) പ്രോജക്ടിന്റെ പേര് : Sc വിദ്ധ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം

പ്രോജക്ട് നം ,വർഷം : SO148/2019-2020

അടങ്കൽ തുക : 450000/- വി .ഫ.(SCP)

ചെലവ് തുക : 4,12,235/- വി .ഫ.(SCP)

ബിൽ നം തുക : (1) 232/10.01.2020, തുക 4,12,235-/- വി .ഫ.(SCP)

Ii) പ്രോജക്ടിന്റെ പേര് : Sc വിദ്ധ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം

പ്രോജക്ട് നം ,വർഷം : SO148/2019-2020

അടങ്കൽ തുക : 450000/- വി .ഫ.(SCP)

ചെലവ് തുക : 161400/- വി .ഫ.(SCP)

ബിൽ നം തുക : (1) 24/5.4.2019, തുക 77,472-/- വി .ഫ.(SCP)

:(2) 25/5.4.2019, തുക 83928-/- വി .ഫ.(SCP)I

കമ്മറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റും/ സ്റ്റോക്ക് രജിസ്റ്ററും ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്. ചെലവഴിച്ച തുക (412235 + 161400) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

സെക്രട്ടറി നിർവഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ശ്മശാനത്തിന് വാട്ടർ കണക്ഷൻ (പ്രൊജക്ട് നം. 248/20) എന്ന പ്രൊജക്ടിനു വേണ്ടി 46,000 /- രൂപ വികസനഫണ്ടിൽ നിന്നും ബിൽ നം. 349 / 20.03.20 പ്രകാരം പിൻവലിച്ച് വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ തുക മുൻകൂർ നല്കിയ തുകയായി കാണിക്കാതെ Fixed Assets എന്ന ഹെഡ്ഡിലാണ് വാർഷികധനകാര്യപത്രികയിൽ കാണിച്ചിട്ടുള്ളത്. ടി തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ബാലൻസ് ഷീറ്റിൽ നാളിതുവരെ ക്രമീകരിക്കാത്ത മുൻകൂറായി വാട്ടർ അതോറിറ്റിയിൽ (460500201) 16,47,000 /- രൂപയും ഇലക്ട്രിസിറ്റി ബോർഡിൽ (460500202) 21,18,229/- രൂപയും നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്.

### 4-3 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 86949 | വയോജനങ്ങൾക്ക് കട്ടിൽ | 86949 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 327568 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 327568 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 800 | അങ്കണവാടി പോഷകാഹാരം | 200 | 600 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 159430 | ലൈഫ് ഭവനനിർമ്മാണം | 79540 | 79890 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 327567 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 327567 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 462625 | അങ്കണവാടി പോഷകാഹാരം | 300000 | 162265 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | - | | 2599879 | 441476 | | 2158403 |

മുൻറിപ്പോർട്ട് പ്രകാരമുള്ള ലോൺ തിരിച്ചടച്ച ബാക്കിയുള്ള തുകയും തൻവർഷം പ്രോജക്ട് മുഖേന തിരിച്ചടച്ച തുകയുമാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വ്യക്തമായ വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ വാർഷിക ധനകാര്യ പത്രിക ബി-5 ഷെഡ്യൂളിൽ 35,18,403/- രൂപ ചേർത്തിരിക്കുന്നു. വ്യത്യാസം വ്യക്തമാക്കപ്പെട്ടിട്ടില്ല. ലോൺ രജിസ്റ്റർ കൃത്യമായി എഴുതി പരിശോധനയ്ക്കു ഹാജരാക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-24 | 2669<br>1907<br>1898<br>2240<br>2873<br>2457 | | 11901104645<br>To<br><br>11901104650 |
| 2018-2019 | 1-24 | 2500 | | 119010105816 |
| 2018-19 | 3-1 | 2753 | | 119010105374 |
| 2018-19 | 3-2 | 2102 | | 119010104414/21.1.2021 |
| 2018-19 | 3-3 | 4452 | | 119010103133 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 53512622 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 55948012 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 338000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2954598 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം:

| | | |
|---|---|---|
| 1-18 | 3,38,000 | സെക്രട്ടറി, റീന സി.ജെ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 829600 | സെക്രട്ടറി |
| 1-18 | 1077567 | സെക്രട്ടറി |
| 1-19 | 161400 | അസി.സെക്രട്ടറി |
| 1-20 | 105600 | വെറ്ററിനറി സർജ്ജൻ |
| 1-20-1 | 62400 | " |
| 1-21 | 22500 | ഹെഡ്മാസ്റ്റർ |
| 1-23 | 43561 | KDS സൂപ്പർവൈസർ |
| 1-26-1 | 412235 | ദിമിത്രോവ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-26-2 | 161400 | ശ്രീലത ജി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-25 | 78335 | റുബിന കെ.എച്ച്, സെക്രട്ടറി |
| ആകെ | 2954598 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-18 |

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റീന സി.ജെ, സെക്രട്ടറി | - | ചിരങ്ങാട്ട് ഹൗസ് നായരമ്പലം, എറണാകുളം 682509 |
| ദിമിത്രോവ്, അസിസ്റ്റന്റ് സെക്രട്ടറി | അസി.സെക്രട്ടറി ഇൻ ചാർജ്, ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് | പുത്തൻപുരയ്ക്കൽ പുതുവൈപ്പ് പി.ഒ, വൈപ്പിൻ |
| ശ്രീലത ജി, അസിസ്റ്റന്റ് സെക്രട്ടറി | - | ശ്രീ വിഹാർ നായരമ്പലം പി.ഒ, വെളിയത്താം പറമ്പ് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | |
|---|---|
| 2000-01 | എൽ.എഫ്.ഇ.പി.3-942/04/17.9.04 |
| 2001-02 | എൽ.എഫ്.ഇ.പി.3-942/04/17.9.04 |
| 2000-01 (ചെലവ്) | എൽ.എഫ്.ഇ.പി.3-311/05/4.11.2005/4.1.06 |
| 2001-02 (ചെലവ്) | എൽ.എഫ്.ഇ.പി.3-312/05/4.11.05/4.1.06 |
| 2002-03 | എൽ.എഫ്.ഇ.പി.3-652/06/24.11.06/15.9.07 |
| 2003-04 | എൽ.എഫ്.ഇ.പി.3-653/06/24.11.06/ 15.9.07 |
| 2004-05 | എൽ.എഫ്.ഇ.പി.3-1396/07/24.11.06 /15.9.07 |

| | |
|---|---|
| 2005-06 | എൽ.എഫ്.ഇ.പി.3-1397/07/24.11.06 /15.9.07 |
| 2006-07 | എൽ.എഫ്.ഇ.പി.3-1398 /07/9.3.2010/9.6.10 |
| 2007-08 | എൽ.എഫ്.ഇ.പി.3-1743/08/16.7.09/5.10.09 |
| 2008-09 | എൽ.എഫ്.ഇ.പി.3-1670/11/10.4.12 /1.8.12 |
| 2009-10 | എൽ.എഫ്.ഇ.പി.3-1671(എ)/11/7.4.12/1.8.12 |
| 2010-11 | എൽ.എഫ്.ഇ.പി.3-21/12/10.2.12 /6.3.12 |
| 2011-12 | എൽ.എഫ്.ഇ.പി.3-250/14/11.3.14/9.4.2014 |
| 2012-13 | എൽ.എഫ്.ഇ.(പി.3/177/2015 തീയതി 16.02.2015 |
| 2013-14 | എൽ.എഫ്.ഇ.(പി.3/177/2015 തീയതി 16.02.2015 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി3)1132/2016 തീയതി 04.07.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി3)1923/2016 തീയതി 04.12.16 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി-3)1759/2017 തീയതി 26-10-17 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി-3)20/2019തീയതി 15-07-19 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം(പി-3)1695/2019തീയതി 5-11-19 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടിഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്